# മരണം രണ്ടുവിധം

ലേഖനം ● മുഹമ്മദ് താമരശ്ശേരി

**ശ്രേഷ്ഠം** ചിന്തയും തഖ്‌വയും മനുഷ്യജീവിതത്തെ മൂല്യനിർണയം ചെയ്തു തിരുത്താനുള്ള അവസരമൊരുക്കിത്തരുന്നു. മാത്രമല്ല; മരണത്തെപ്പറ്റിയുള്ള മുന്നറിവും നൽകുന്നു. ഈ ഭൂമിയിലുള്ള സർവതിനും ഒരു അന്ത്യമുണ്ട്. മനുഷ്യവർഗവും അതിൽനിന്നൊഴിവാക്കപ്പെട്ടിട്ടില്ല. മരണം; ഐഹിക ജീവിതത്തിന് വിരാമമിടാൻ ഏതുനിമിഷവും ക്ഷണിക്കാതെ കയറിവരുന്ന അതിഥിയാണ്. സാന്മാർഗിക ജീവിതം നയിക്കുന്ന ദൈവവിശ്വാസികൾ അവരുടെ അന്ത്യം കുറിക്കുന്ന വിധിയെപ്പറ്റി ബോധവാന്മാരാണ്. മറ്റുള്ളവർ അതിനെപ്പറ്റി അശ്രദ്ധരുമാണ്. അതുകൊണ്ടാണ് ശരീരേച്ഛകൾക്കനുസൃതമായി ജീവിതം പരുവപ്പെടുത്തിയെടുക്കുന്നവർ വർധിച്ചുകൊണ്ടിരിക്കുന്നത്. കുടുംബാന്തരീക്ഷത്തിന്റെ അടക്കിയൊതുക്കലുകളിൽനിന്ന് കുതറിയോടി ഉപഭോഗ സംസ്കാരത്തിന്റെ പുത്തൻ മാനങ്ങൾ തേടിയലയുന്ന ഒരു പുതിയ തലമുറ തന്നെ ഉണ്ടായിരിക്കുന്നു. മനുഷ്യന്റെ ഉള്ളങ്ങളാകട്ടെ, സ്നേഹത്തിന്റെയും ആത്മാർഥതയുടെയും ഉറവകൾ വറ്റിവരണ്ട മരുഭൂമികളായിത്തീർന്നിരിക്കുന്നു. കേവലം ഭ്രാന്തമായ ആവേശങ്ങളും വ്യക്തിഗത ഈഗോയും കുടുംബബന്ധങ്ങളെ തകർത്തുകൊണ്ടിരിക്കുന്നു. നൊന്തുപ്രസവിച്ച കുഞ്ഞുങ്ങളെപ്പോലും അനാഥത്വത്തിലേക്ക് തള്ളിവിടാൻ മടിയില്ലാത്ത അമ്മമാരെപ്പറ്റിയുള്ള റിപ്പോർട്ടുകളും ധാരാളം വന്നുകൊണ്ടിരിക്കുന്നു. ഈ ദുരവസ്ഥ നൽകുന്ന തികച്ചും അപായകരമായ സൂചനയെന്തെന്നാൽ, സ്രഷ്ടാവിനെയും മരണത്തെയും മരണാനന്തര ജീവിതത്തെയും സ്രഷ്ടാവുമായുള്ള കൂടിക്കാഴ്ചയെയും മറന്ന്, ജീർണ സംസ്കാരത്തിന്റെ ഗർത്തങ്ങളിൽ വീഴുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു എന്നാണ്.

മരണം ഉണ്ടെന്നുള്ളത് സുനിശ്ചയം. എന്നാലത് രണ്ടുവിധമുണ്ടെന്ന് പറഞ്ഞാൽ പലരും അത്ഭുതപ്പെട്ടേക്കാം. ഒന്ന് തികച്ചും സമാധാനപരമായ മരണമാണ്; രണ്ടാമത്തേത് തീർത്തും ബീഭത്സവും.

പലരും ദൈവവിശ്വാസം ഒരു നാട്യമായി കൊണ്ടുനടക്കുന്നവരാണ്. ദൈവനിരാസം ഫാഷനായി സ്വീകരിച്ചവരും അത് മറ്റുള്ളവരുടെമേൽ അടിച്ചേൽപിക്കാൻ തന്ത്രങ്ങളും കുതന്ത്രങ്ങളും മെനഞ്ഞുകൊണ്ടിരിക്കുന്നവരും നമുക്കിടയിലുണ്ട്. അതിനാൽ പലർക്കും ജീവിതം ശരീര മാത്ര പ്രസക്തമാണ് (Bodily Important). അതിനാലവർ സ്വന്തം ശരീരത്തെപ്പറ്റി ആവശ്യമില്ലാത്ത ആശങ്കയും വെച്ചു പുലർത്തുന്നു. ആരോഗ്യ സംരക്ഷണത്തിനും സൗന്ദര്യവർധനവിനുമുള്ള ആധുനിക ഉപാധികളന്വേഷിച്ച് അലയുന്നു. ചിലരാകട്ടെ, ശരീരത്തിന്റെ സ്വയം പ്രതിരോധശക്തികൊണ്ടു തന്നെ ശരിയാകുന്ന ചെറിയ ശാരീരിക അസ്വസ്ഥതകൾക്കുപോലും സ്പെഷ്യലിസ്റ്റുകളെ തേടുന്ന വ്യഗ്രതയിലാണ്. വേറെ ഒരുകൂട്ടർ ചെറിയതോതിൽ ശരീരത്തിന് ക്ഷീണം തോന്നുമ്പോഴെല്ലാം ശക്തിവർധനവിനുള്ള ടോണിക്കുകൾ(Restoratives) നിർലോഭം വാങ്ങിക്കൂട്ടുന്നു. ഇങ്ങനെയുള്ള ഒരു അളവുകോൽ ശരീരത്തിന്റെ സന്തുലനം നിലനിർത്തി മരണത്തിൽനിന്ന് രക്ഷപ്പെടാമെന്ന ധാരണയിലാണ്.

ശരീരത്തിന്റെ കാര്യം ഇങ്ങനെയൊക്കെയാണെങ്കിൽ മനുഷ്യശരീരത്തിനുള്ളിൽ കുടികൊള്ളുന്ന ആത്മാവിന്റെ കാര്യമെന്താണെന്ന് പരിശോധിക്കാം. ശരീരവും ആത്മാവും മനുഷ്യാസ്തിത്വത്തിന്റെ സുപ്രധാന ഘടകങ്ങളാണ്. ശരീരം രൂപഘടനാ പ്രാധാന്യമുള്ളതാണെങ്കിൽ, ആത്മാവ് മനുഷ്യപ്രകൃതത്തെയും പ്രവർത്തനങ്ങളെയും മരണം വരെ സ്വാധീനിക്കുന്നുണ്ട്. മരണം; ആത്മാവിനെയും ശരീരത്തെയും വേർപിരിക്കുന്നു. ഭൂമി(മണ്ണ്) ശരീരത്തെ സ്വീകരിക്കുന്നു; ആത്മാവാകട്ടെ ബർസഖിൽ നിലനിർത്തപ്പെടുകയും ചെയ്യുന്നു.

ആത്മാവിന്റെ അവസ്ഥകളെപ്പറ്റി വിശുദ്ധ ഖുർആൻ വ്യക്തമാക്കിതരുന്നുണ്ട് (*ഖുർആൻ* 91:7–10). ജീവിതം ഖുർആനികമായി ചിട്ടപ്പെടുത്തിയും ക്രമപ്പെ

ടുത്തിയും ജീവിക്കുന്നവരുടേത് പവിത്രീകരിക്കപ്പെട്ട ആത്മാവും, അതല്ലാത്തവരുടേത് കളങ്കപ്പെടുത്തിയ ആത്മാവുമാണ്. പവിത്രീകരിക്കപ്പെട്ട ആത്മാവുള്ള അനുഗ്രഹീതരുടെ മരണവേളകൾ ആശ്വാസപ്രദമായിരിക്കും. അവരുടെ ആത്മാവിനെ മരണത്തിന്റെ മലക്കുകൾ സദയം കൂട്ടിക്കൊണ്ടുപോവുകയാണ് ചെയ്യുക. അവരുടെ മരണ സമയത്ത് മലക്കുകൾ സമാധാനം ആശംസിക്കുകയും സ്വർഗത്തിലേക്ക് പ്രവേശിക്കാമെന്നും സംതൃപ്തരായി രക്ഷിതാവിങ്കലേക്ക് മടങ്ങാമെന്നും സദ്വാർത്ത അറിയിക്കുകയും ചെയ്യുന്നു (*ഖുർആൻ* 16:32, 89:27,28).

അതേസമയം, ആത്മാവിനെ കളങ്കപ്പെടുത്തിയവരുടെ മരണം വളരെ ഭീതിജനകമാണ്. യഥാർഥത്തിൽ അവർ മരണത്തെ അഭിമുഖീകരിക്കാനിഷ്ടപ്പെടുന്നവരുമല്ല (*ഖുർആൻ* 62:7). അധികാരത്തിന്റെയും പദവിയുടെയും ബലത്തിൽ ദൈവനിഷേധികളായി ജീവിച്ച അവർ മരണത്തിന്റെ പിടിയിൽനിന്നും ഏതെല്ലാം വിധത്തിലോടിയൊളിച്ചാലും അവരെ പരാജയപ്പെടുത്തിക്കൊണ്ട് മരണം അവരെ പിടികൂടുകതന്നെ ചെയ്യും (*ഖുർആൻ* 62:8). അവർ ഉപേക്ഷ വരുത്തിയ കടമകളും ചുമതലകളും വീണ്ടും നിറവേറ്റി ശരിയുടെ കോളത്തിലേക്കെത്തിക്കാനുള്ള അവസരത്തിനായി അവരെല്ലാം മരണസമയത്ത് കേഴുകയും മരണസമയം നീട്ടിക്കിട്ടാൻ അപേക്ഷിക്കുകയും ചെയ്യും (*ഖുർആൻ* 23:99, 63:10). എന്നാൽ അവരുടെ വാക്കുകൾ ആത്മാർഥതയില്ലാത്തതും പൊള്ളയായതുമാണെന്ന് സ്രഷ്ടാവിന്നറിയാം (*ഖുർആൻ* 23:100). അതിനാൽ അവരുടെ ആത്മാവിനെ മരണത്തിന്റെ മലക്കുകൾ ബലമായി പിടിച്ചെടുക്കുകയാണ് ചെയ്യുക (*ഖുർആൻ* 6:93). കൂടാതെ സത്യനിഷേധികൾക്ക് മരണസമയത്ത് മലക്കുകളിൽനിന്ന് മുഖത്തും പിൻവശത്തും അടിയേൽക്കേണ്ടതായും വരും (*ഖുർആൻ* 8:50). മരണസമയത്ത് മനുഷ്യൻ അഭിമുഖീകരിക്കേണ്ടിവരുന്ന രണ്ട് അവസ്ഥകളും നമ്മെ പഠിപ്പിക്കുന്നത്, ജീവിതം എത്രകണ്ട് ഖുർആനിക അടിസ്ഥാനത്തിൽ ആണോ അത്രകണ്ട് മരണം ആശ്വാസപ്രദമായിരിക്കുമെന്നുള്ളതാണ്.

മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. മരണത്തോടെ ഓരോ മനുഷ്യനും ഒരു പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. ആ പുതിയ ജീവിതം പരലോകം ലക്ഷ്യമാക്കിയുള്ളതാണ്. അത് വിജയപ്രദമാക്കിത്തീർക്കണമെങ്കിൽ ചുറ്റുപാടുകളുടെ സൃഷ്ടിയായി മാറാതെ, ജീവിതത്തിന്റെയും മരണത്തിന്റെയും നാഥനായ സ്രഷ്ടാവിന്റെ അനുസരണയുള്ള അടിമയായി ഭൂമിയിൽ ജീവിതം നയിച്ച്, ആത്മാവിനെ കളങ്കപ്പെടുത്താതെ മരിക്കുക തന്നെ വേണം. ■